പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 639 12.7.2012-ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.സി.മമ്മൂട്ടി
ശ്രീ.എം.ഉമ്മർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

(എ) വർഷങ്ങളായി പ്രവർത്തനരഹിതമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ:

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) വർഷങ്ങളായി പ്രവർത്തന രഹിതമായ 17 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമായ രീതിയിൽ പുനരുദ്ധരിക്കുവാൻ സാധിക്കാത്തതിനാൽ അവയുടെ സ്ഥലമുൾപ്പെടെയുള്ള സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയിൽ 8 സ്ഥാപനങ്ങൾ 18.01.2011-ലെ Easy Exit Scheme 2011 പ്രകാരം കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുകഴിഞ്ഞു. ഈ സ്ഥാപനങ്ങളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിന് കിൻഫ്ര, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, സിഡ്കൊ എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 9 സ്ഥാപനങ്ങളുടെ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവയുടെ സ്ഥലമുൾപ്പെടെയുള്ള സൗകര്യങ്ങൾ മറ്റു വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കിൻഫ്ര, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ, ഹാൻവീവ്, എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരം വ്യവസായ സ്ഥാപനങ്ങളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാനും, കെട്ടിടങ്ങളും മെഷിനറിയും നശിച്ചുപോകാതെ സംരക്ഷിക്കാനും ഉള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ?

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേറ്റ് ചെയ്ത സ്ഥാപനങ്ങളുടെയും, ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്ന സ്ഥാപനങ്ങളുടെയും, സ്ഥലവും, കെട്ടിടങ്ങളും മറ്റ് ആസ്തികളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

Ajithab

സെക്ഷൻ ഓഫീസർ